13
ജൂൺ 2023
ചൊവ്വ Pages 5
Vol 2. Issue. 132

# ക്രിസ്ത്യൻലൈവ് ദിനപത്രം

on the battlefield for the Great commission
500



Editorial

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 ജൂൺ 13 ചൊവ്വ



# മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ...

ആറു വയസ്സുള്ള സ്വന്തം മകളെ മഴുകൊണ്ട് വെട്ടിനുറുക്കിയ അച്ഛന്റെ ക്രൂരതയും മലയാളികൾ കണ്ടു കഴിഞ്ഞു. ലഹരി മരുന്നിന്റെ അമിതമായ ഉപയോഗം മൂലം ഒരു കുടുംബത്തെ മുഴുവൻ തകർത്തു കളഞ്ഞ ഒരു യൗവനക്കാരന് ലഭിക്കാൻ പോകുന്നത് ചെറിയ ശിക്ഷ മാത്രം ആയിരിക്കും. എന്നാൽ കേരളത്തെ മുഴുവൻ ഈ ലഹരിമരുന്നിനും, മദ്യത്തിനും അടിമകൾ ആക്കുന്ന മാഫിയകൾക്കെതിരെ പ്രതികരിക്കുവാൻ കേരള ജനത കാണിക്കുന്ന വിമുഖത വലിയ വിപത്തുകളിലേക്ക് കേരളത്തെ എത്തിക്കും എന്നതിൽ സംശയമില്ല. ഭാര്യയുടെയും പിതാവിന്റെയും മരണത്തിനു പിൻപിലും തന്റെ ലഹരി മരുന്നിന്റെ ഉപയോഗം തന്നെയായിരുന്നു എന്ന് പലർക്കും മനസ്സിലായിട്ടും ആ പിഞ്ചു കുഞ്ഞിനെ രക്ഷിക്കാൻ ആർക്കും കഴിയാതെ പോയി.

സമ്പത്തും സ്വാധീനവും ഒക്കെ ഉണ്ടായിട്ടും സമൂഹത്തിൽ മാന്യതയോടെ ജീവിക്കാൻ കഴിയാതെ, വിവേകഹീനരായി നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യരായി മാറുന്ന കാഴ്ച മനുഷ്യഹൃദയങ്ങൾക്ക് അസ്വസ്ഥത സൃഷ്ടിക്കുന്നു. മനുഷ്യനെ രക്ഷിപ്പാണ് കഴിയുന്ന ഒരേ ഒരു മാർഗം യേശു ക്രിസ്തുവാണ്. മറ്റൊരത്തനിലും രക്ഷയില്ല എന്നത് മാറ്റമില്ലാത്ത സത്യം ആണെന്ന് തെളിയുന്നു. കപടത തിരിച്ചറിയാൻ പ്രായം ആകുന്നതിനു മുൻപ് തന്നെ, സമൂഹത്തിലെ ദുഷ്പ്രവണതകളെക്കുറിച്ച് കുഞ്ഞുങ്ങളെ ബോധവാന്മാരാക്കുവാൻ മാതാപിതാക്കൾക്ക് കടപ്പാടുണ്ട്. എന്നാൽ അത് പകർന്ന് കൊടുക്കണ്ടവർ തന്നെ അതിനു വിഘാതം വരുത്തിയാൽ, വേലി തന്നെ വിളവ് തിന്നുന്നത് പോലെയാണ്. ഒരു മനുഷ്യനും മാറ്റം വരുത്താൻ കഴിയാത്ത വിധത്തിൽ മനുഷ്യർ അധഃപതിച്ചിരിക്കുമ്പോൾ, രക്ഷിപ്പാണ് കഴിയുന്ന സത്യമാർഗത്തിലേക്ക് ജനത്തെ ആകർഷിക്കുവാൻ നമുക്ക് ഉത്തരവാദിതമുണ്ട്. ഇനിയും സമൂഹത്തിലാരും ലഹരി മരുന്നിന്റെ ഉപയോഗത്താൽ നശിക്കരുത്. അതിനായി നമുക്ക് സമൂഹത്തെ സ്വാധീനിക്കുന്നവരാകം.


സിസ്റ്റർ ഷീലാ ദാസ്

# ബിപോർജോയ്; സംസ്ഥാനത്ത് വ്യാപകമഴ; 10 ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ബിപോർജോയ് ചുഴലിക്കാറ്റ് മധ്യകിഴക്കൻ അറബിക്കടലിനു മുകളിൽ സ്ഥിതി ചെയ്യുന്നതിനാൽ കേരളത്തിൽ അടുത്ത ദിവസങ്ങളിൽ അതിശക്തമായ മഴ ലഭിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ചൊവ്വാഴ്ച പത്ത് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് യെല്ലോ അലർട്ട്.



ചുഴലിക്കാറ്റ് ജൂൺ 14 രാവിലെ വരെ വടക്ക് ദിശയിയിൽ സഞ്ചരിച്ചു തുടർന്ന് വടക്ക്വടക്ക് കിഴക്ക് ദിശ മാറി സൗരാഷ്ട്ര & കച്ച് അതിനോട് ചേർന്നുള്ള പാകിസ്ഥാൻ തീരത്ത് മണ്ഡവി ( ഗുജറാത്ത് )ക്കും കറാച്ചിക്കും ഇടയിൽ ജാഖുപോർട്ടിനു സമീപം ജൂൺ 15ന് വൈകുന്നേരത്തോടെ പരമാവധി 150 സാ/ വ്യ വേഗതയിൽ കരയിൽ പ്രവേശിക്കാൻ സാധ്യത. 24 മണിക്കൂറിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും അടുത്ത 5 ദിവസങ്ങളിൽ വ്യാപകമായി ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നുമാണ് അറിയിപ്പ്.

Editorial board

**Chief Editor:** Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

# മണിപ്പൂർ സംഘർഷം; 47000 പേരെ മാറ്റിപ്പാർപ്പിച്ചു



## വീടുകളിൽ നിന്ന് മാറ്റിപ്പാർപ്പിച്ചവരെല്ലാം ഇപ്പോൾ ക്യാമ്പുകളിലാണ്. ഇവരിൽ പലർക്കും ആധാർ ഉൾപ്പെടെയുള്ള രേഖകളെല്ലാം നഷ്ടപ്പെട്ടു

ഇംഫാൽ :മണിപ്പൂരിൽ കലാപത്തെ തുട!ർന്ന് 47,000 ത്തോളം ആളുകളെ ഒഴിപ്പിക്കുകയും നൂറുകണക്കിന് ആളുകൾക്ക് വീടുകൾ നഷ്ടപ്പെടുകയും ചെയ്തുവെന്ന് ഔദ്യോ?ഗിക റിപ്പോർട്ട്. നിരവധി പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ തുടരുകയാണ്. ദുരിത ബാധിതർക്ക് എല്ലാവിധ പിന്തുണയും നൽകുമെന്ന് മുഖ്യമന്ത്രി എൻ ബിരേൻ സിങ് ഉറപ്പ് നൽകി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ക്രമീകരണങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വീടുകൾ തുടങ്ങി നിരവധി വാഗ്ദനങ്ങളാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. ”അക്രമം മൂലം കുടിയിറക്കപ്പെട്ടവർക്കായി ഏകദേശം 4000 വീടുകൾ നിർമിക്കാനാണ് പദ്ധതി. ബ്ലൂ പ്രിന്റിന് അന്തിമ രൂപമായിട്ടില്ല. രണ്ട് മുറികളുള്ള വീട് നിർമിക്കാനാണ് നിലവിൽ പദ്ധതിയിടുന്നത്”മുഖ്യമന്ത്രി പറഞ്ഞു. അക്രമങ്ങൾ തുടരുന്ന സാഹചര്യത്തിൽ കുട്ടികളുടെ വിദ്യാഭ്യാസം പുനഃസ്ഥാപിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ചുരാചന്ദ്പൂരിൽ നിന്ന് കുടിയിറക്കപ്പെട്ടവരെയും ഇംഫാലിലെ ക്യാമ്പുകളിൽ കഴിയുന്നവരെയും ഇംഫാലിലെ സ്കൂളുകളിലേക്കും കോളേജുകളിലേക്കും അയയ്ക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു. വീടുകളിൽ നിന്ന് മാറ്റിപ്പാർപ്പിച്ചവരെല്ലാം ഇപ്പോൾ ക്യാമ്പുകളിലാണ്. ഇവരിൽ പലർക്കും ആധാർ ഉൾപ്പെടെയുള്ള രേഖകളെല്ലാം നഷ്ടപ്പെട്ടു. കേന്ദ്രസംസ്ഥാന ഗുണഭോക്തൃ പദ്ധതികളിൽ ഭൂരിഭാഗവും ആധാറുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ, ആധാർ കാർഡുകൾ പുനർവിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാൻ തിങ്കളാഴ്ച സംസ്ഥാന സർക്കാർ ആഹ്വാനം ചെയ്തു. ആധാർ ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സർക്കാർ ക്യാമ്പുകളിൽ തന്നെ ഒരുക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. അതിനിടെ കഴിഞ്ഞ ദിവസം മേയ്തി, കുകി സമുദായങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ 22കാരൻ കൊല്ലപ്പെട്ടു. ചുരാചന്ദ്പൂർ ജില്ലയിലെ ലാംകയിൽ മണിപ്പൂർ ഗവർണർ സന്ദർശനം നടത്താനിരിക്കെയാണ് സംഘർഷമുണ്ടായത്. ഇരു വിഭാഗങ്ങളും തമ്മിലുള്ള ചർച്ചകൾക്ക് ശ്രമം തുടരുന്നതിനിടെയാണ് വീണ്ടും സംഘർഷമുണ്ടായത്. നേരത്തെ സർക്കാർ രൂപീകരിച്ച സമാധാന സമിതിയിൽ അതൃപ്തി പ്രകടിപ്പിച്ച് കുകി വിഭാഗം രംഗത്തെത്തിയിരുന്നു. അതേസമയം സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത് മണിപ്പൂർ സർക്കാർ സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധനം ജൂൺ 15 വരെ നീട്ടിയിരുന്നു. അക്രമം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിന്യസിച്ച അർദ്ധസൈനിക സേനയുടെ സാന്നിധ്യവും സംസ്ഥാനത്തുണ്ട്.

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

Remarriage

Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta“9946847617

വധുവിനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

# ശതകോടികളുടെ കരാറിൽ ഒപ്പുവെച്ച് സൗദി ചൈന വ്യാപാര സമ്മേളനം



റിയാദ്: റിയാദിൽ വെച്ച് നടന്ന അറബ്ചൈന വ്യാപാര സമ്മേളനത്തിൽ ആയിരത്തിൽപരം കോടി ഡോളറിന്റെ കരാറിൽ ഒപ്പുവെച്ചു. സൗദി നിക്ഷേപ മന്ത്രാലയം ചൈനീസ് ഇലക്ട്രിക് സെൽഫ് ഡ്രൈവിങ് കാർ നിർമാതാക്കളും വിൽപ്പനക്കാരുമായ ഹ്യൂമൻ ഹോറിസൺസുമായി മാത്രം 560 കോടി ഡോളറിന്റെ ധാരണാപത്രമാണ് ഒപ്പു വെച്ചതെന്ന് സൗദി സ്റ്റേറ്റ് വാർത്താ ഏജൻസിയിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

ആഭ്യന്തര വൈദ്യുത ഇലക്ട്രിക് വാഹനങ്ങളുടെ നിർമാണ വ്യവസായമാണ് സൗദിയുടെ പദ്ധതി. ചൈനയിലെ എച്ച്.ഐ.പി.എച്ച്.ഐ ബ്രാൻഡിന് കീഴിലുള്ള വാഹന നിർമാണ ഫാക്ടറിയാണ് ഹ്യൂമൻ ഹോറിസൺസ്. സാങ്കേതികവിദ്യ, കൃഷി, പുനരുപയോഗ ഊർജം, റിയൽ എസ്റ്റേറ്റ്, ലോഹം, ടൂറിസം, ആരോഗ്യസംരക്ഷണം, പ്രകൃതിവിഭവങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലാണ് കരാർ ഒപ്പുവെച്ചത്.
ലോകത്തിലെ വലിയ എണ്ണ കയറ്റുമതിക്കാരായ സൗദി അറേബ്യയും ചൈനയും തമ്മിൽ കരാറിൽ ഒപ്പുവെക്കുമ്പോൾ രാജ്യത്തിന്റെ വൈവിധ്യവൽക്കരണത്തിന്റെ അജണ്ടയുടെ ഭാഗമായി എണ്ണ ഇതര മേഖലകളിലെ നിക്ഷേപം വർധിപ്പിക്കാനുള്ള സാധ്യതയുണ്ട്.

ബെയ്ജിങ്ങും മധ്യപൗരസ്ത്യ രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര, വാണിജ്യ ബന്ധം വളർന്നുവരുന്ന സാഹചര്യത്തിലാണ് ഇത്തവണത്തെ വ്യാപാര സമ്മേളനം നടന്നതെന്നതും ശ്രദ്ധേയം. ചൈനയിൽ നിന്നും അറബ് രാജ്യങ്ങളിൽനിന്നുമായി 3,500ലധികം സർക്കാർ ഉദ്യോഗസ്ഥരും ബിസിനസ് സ്ഥാപനങ്ങളുടെ മേധാവികളും സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്.

# കാത്തിരിപ്പ് അവസാനിച്ചു; ഇന്തോനേഷ്യയിൽ പുതിയ പള്ളി പണിയും



ജക്കാർത്ത : തീവ്ര മുസ്ലിം വിഭാഗക്കാരുടെ എതിർപ്പ് മൂലം ആരാധനാ നടത്താൻ കഴിയാതെ പോയെങ്കിലും ഇപ്പോൾ അത് സാക്ഷാത്കരിച്ചതിന്റെ സന്തോഷത്തിലാണ് ഇന്തോനേഷ്യയിലെ ബാൻഡൻ പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന പിനാങ് ഉപജില്ലയിലെ ക്രിസ്ത്യൻ വിശ്വാസികൾ.

പിനാങ്ങിൽ ദേവാലയത്തിനു വേണ്ടിയുള്ള അധികൃതരുടെ കെട്ടിടാനുമതി ലഭിക്കുന്നതിന് വേണ്ടി 26 വർഷത്തെ നീണ്ട കാത്തിരിപ്പിന് ഒടുവിലാണ് യാഥാർഥ്യമായത്. പ്രദേശത്തെ തീവ്ര മുസ്ലിം വിഭാഗക്കാരുടെ എതിർപ്പിനെ തുടർന്നാണ് അനുമതി ലഭിക്കാൻ താമസം നേരിട്ടത്. ഈ വിഷയത്തിന് ചൂടുപിടിച്ച് സാൻങ് തിമൂർ സ്കൂളിൽ പ്രവേശനം നിഷേധിച്ച് സ്കൂൾ നടത്തിയിരുന്ന സന്യാസിനികളെ തടഞ്ഞ സംഭവമടക്കം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

2013ൽ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തിയപ്പോൾ തീവ്ര മുസ്ലിം വിഭാഗക്കാർ വലിയ പ്രതിഷേധ പ്രകടനമാണ് നടത്തിയത്. ഇവിടെ ആരാധന തുടങ്ങിയതിനുശേഷം ഒരു വിഭാഗം വരുന്ന മുസ്ലിം മതക്കാർ ഗേറ്റ് പൂട്ടിയിട്ട സംഭവവും ഉണ്ടായി. മറ്റൊരു കൂട്ടർ കെട്ടിടത്തിനുള്ള അനുമതി നിഷേധിക്കണമെന്ന് ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്തു. ഇതിനെ തുടർന്ന് ദേവാലയത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടിരുന്നു.

ലോകത്തെ ഏറ്റവും വലിയ ഇസ്ലാമിക ഭൂരിപക്ഷ രാജ്യങ്ങളിലൊന്നാണ് ഇന്തോനേഷ്യ. ഭീഷണി നിലനിന്നിരുന്നെങ്കിലും ഇവിടെ 12,000 ത്തോളം ആളുകൾ എല്ലാ ആഴ്ചയും ആരാധനയിൽ പങ്കെടുക്കുന്നുണ്ട്.

# കെട്ടിട നിർമാണത്തിൽ നിയന്ത്രണം

മൂന്നാർ : മൂന്നാറിലെ കെട്ടിട നിർമാണത്തിൽ നിയന്ത്രണം. രണ്ടുനിലയിൽ കൂടുതലുള്ള കെട്ടിടങ്ങളുടെ നിർമാണത്തിന് വിലക്കേർപ്പെടുത്തി ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടാഴ്ചത്തേക്കാണ് വിലക്ക്. മൂന്നാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഗണിച്ച പ്രത്യേക ബെഞ്ചിന്റേതാണ് ഉത്തരവ്. ജസ്റ്റിസുമാരായ മുഹമ്മദ് മുഷ്താഖ്, സോഫി തോമസ് എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഇടക്കാല ഉത്തരവ്.

മൂന്നാറിലും പരിസരപ്രദേങ്ങളിലും നിർമ്മാണത്തിന് റവന്യൂവകുപ്പിന്റെ എൻഒസി വേണമെന്ന നിബന്ധന ഹൈക്കോടതിയുടെ ഭാഗത്തുനിന്നുണ്ടായിരുന്നു. എന്നാൽ ഈ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ലെന്ന് കോടതി വ്യക്തമാക്കി. ഇതേതുടർന്നാണ് ഹൈക്കോടതിയുടെ കർശനനടപടി. നേരത്തെ, മൂന്നാറിലെ പരിസ്ഥിതി കെട്ടിട നിർമാണങ്ങളുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിൽ വന്നിരുന്നു. ഇതിൽ ചീഫ് ജസ്റ്റിസ് ഇടപെട്ട്, മൂന്നാറിലെ പ്രശ്നങ്ങൾ കേൾക്കാൻ ബെഞ്ച് രൂപീകരിച്ചിരുന്നു.

കേസ് വീണ്ടും പരിഗണിക്കുന്നത് വരേയാണ് ഇടക്കാല ഉത്തരവ്. ഇതോടെ രണ്ടാഴ്ത്തേക്ക്, മൂന്നാറിൽ രണ്ടുനിലയിൽ കൂടുതലുള്ള കെട്ടിടങ്ങളുടെ നിർമാണത്തിന് വിലക്കുണ്ടാവും. മൂന്നാറിലെ നിർമാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാൻ അമിസ്ക്കസ് ക്യൂറിയേയും കോടതി നിയോഗിച്ചു. അഡ്വ. ഹരീഷ് വാസുദേവനാണ് അമിസ്ക്കസ് ക്യൂറി.

## ഹാർവെസ്റ്റ് ഇന്ത്യ മിഷൻ സിൽവർ ജൂബിലി മിഷനറി സമ്മേളനം

ബാംഗ്ലൂർ : ഹാർവെസ്റ്റ് ഇന്ത്യ മിഷൻ വർഷിപ് സെന്ററിന്റെ സിൽവർ ജൂബിലി മിഷനറി സമ്മേളനം ജൂൺ 14 മുതൽ 18 വരെ ബാംഗ്ലൂരിൽ ന്യൂ ലൈഫ് ബൈബിൾ കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ എം.ഐ ഈപ്പൻ ഉൽഘാടനം ചെയ്യുന്ന സമ്മേളത്തിൽ മിഷന്റെ നാഷണൽ ഡയറക്ടർ പാസ്റ്റർ സൈമൺ വർഗീസ് അധ്യക്ഷത വഹിക്കും. ദിവസവും വൈകിട്ടു 6 മണിക്ക് പൊതുയോഗങ്ങൾ നടക്കും.

പാസ്റ്റർ ജിമ്മി തങ്കച്ചൻ, (ഒറീസ്സ), പാസ്റ്റർ ലിബിൻ സേവിയർ (കാക്കനാട്), പാസ്റ്റർ യുവരാജ് (ചെന്നൈ), പാസ്റ്റർ ബെന്നി ജോൺ (ന്യൂ ഡൽഹി), പാസ്റ്റർ ജോഷുവ ജോൺ, പാസ്റ്റർ ഷാജി, സിസ്റ്റർ ആനി പാറയിൽ (ബാംഗ്ലൂർ) എന്നിവർ പ്രസംഗിക്കും. ഞായറാഴ്ച നടക്കുന്ന പൊതു ആരാധനയിൽ പാസ്റ്റർ സൈമൺ വർഗീസ് (ഭോപ്പാൽ) പ്രസംഗിക്കും. പാലക്കാട് മുണ്ടുരിൽ ആരംഭിച്ച ചെറിയ പ്രവർത്തനം 2000 മുതൽ വടക്കേ ഇന്ത്യയുടെ സുവിശേഷീകരണതിനു പ്രാധാന്യം കൊടുക്കുന്നു.

## ക്രിസ്ത്യൻ ലൈവിന്റെ അജ്മാനിലെ കമ്മിറ്റി രൂപീകരണം വ്യാഴാഴ്ച

അജ്മാൻ: ക്രിസ്ത്യൻ ലൈവ് യു എ ഇ ചാപ്റ്ററിന്റെ ഭാഗമായി രൂപികരിക്കുന്ന അജ്മാൻ യൂണിറ്റിന്റെ പ്രാരംഭ ചർച്ചയും കമ്മിറ്റി രൂപികരണവും വ്യാഴാഴ്ച വൈകിട്ട് എട്ടിന് നടക്കും.

പാസ്റ്റർ ദിലു ജോൺ ശുശ്രൂഷിക്കുന്ന അജ്മാൻ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാ(IPC)ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ ക്രിസ്ത്യൻ ലൈവ് മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ സന്തോഷ് അറയ്ക്കൽ ഈപ്പൻ അധ്യക്ഷത വഹിക്കും. ബ്രദർ ജീമോൻ മേക്കാട്ട് ദാനിയേൽ നേതൃത്വം കൊടുക്കും.
മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ബ്രദർ അജി ജോർജ് , ബ്രദർ ബ്ലസിൻ ജോൺ മലയിൽ, പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ തുടങ്ങിയവർ പ്രസംഗിക്കും

## ഉത്തരേന്ത്യയിൽ ഭൂചലനം, തീവ്രത 5.2

ന്യൂഡൽഹി:ഉത്തരേന്ത്യയിൽ ഭൂചലനം. ദില്ലിയിലും ജമ്മു കശ്മീരിന്റെ വിവിധ മേഖലകളിലും ഭൂചലനം അനുഭവപ്പെട്ടു. 5.2 തീവ്രത രേഖപെടുത്തി. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഭൂചലനം അനുഭവപ്പെട്ടു. ജമ്മു കശ്മീരിലെ കിഷ്ത്വാർ മേഖലയിൽ നിന്നും 30കിലോമീറ്റർ അകലെയാണ് പ്രഭവ കേന്ദ്രം.

## ന്യൂ ലൈഫ് എ. ജി. മംഗഫ്, കുവൈറ്റ് സഭയുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാ യോഗം

കുവൈറ്റ് : ന്യൂ ലൈഫ് എ. ജി. മംഗഫ്, കുവൈറ്റ് സഭയുടെ ആഭിമുഖ്യത്തിൽ ജൂൺ 15 ന് പ്രാർത്ഥനാ യോഗം നടക്കും. പാസ്റ്റർ എ. എസ്. ദാനിയേൽ വചനശുശ്രൂഷ നിർവഹിക്കും. കൂടുതൽ വിവരങ്ങൾക്ക് : +965 9745 9502, +965 9989 7132.

## ആത്മഹത്യ രാജ്യദ്രോഹകുറ്റം: കിം ജോങ് ഉൻ

സിയോൾ: രാജ്യത്ത് ആത്മഹത്യ നിരോധിച്ച് ഉത്തര കൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ. ആത്മഹത്യ ചെയ്യുന്നത് രാജ്യദ്രോഹ കുറ്റമായാണ് കണക്കാക്കിക്കൊണ്ടാണ് കിം രഹസ്യ ഉത്തരവ് പുറത്തിറക്കിയിരിക്കുന്നതെന്നാണ് മാധ്യമ വാർത്തകൾ. തങ്ങളുടെ അധികാര പരിധിയിൽ ആത്മഹത്യകൾ ഉണ്ടാവുന്നത് തടയണമെന്നും പ്രതിരോധിക്കണമെന്നുമാണ് കിം സർക്കാർ ഉദ്യോഗസ്ഥരോട് ഉത്തരവിട്ടിരിക്കുന്നത്. രാജ്യം കടുത്ത സാമ്പത്തിക വെല്ലുവിളികളിലൂടെ കടന്നുപോകുന്ന സമയത്ത് സാമ്പത്തിക പ്രാരാബ്ധം മൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം കുത്തനെ കൂടിയതിന് പിന്നാലെയാണ് ആത്മഹത്യ വിലക്കിയിരിക്കുന്നത്.

# എയർ ആംബുലൻസ് സംവിധാനം ഒരുക്കി കാരിത്താസ് ഹോസ്പിറ്റൽ



കോട്ടയം: എയർ ആംബുലൻസ് സംവിധാനം ഒരുക്കി കാരിത്താസ് ഹോസ്പിറ്റൽ. അടിയന്തിര ചികിത്സാ വിഭാഗത്തിന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ എയർ ആംബുലൻസ് സൗകര്യം.
ജില്ലയിൽ എവിടെ നിന്നും അടിയന്തിര ഘട്ടങ്ങളിൽ രോഗികൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താം. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ സ്വകാര്യ മേഖലകളിലെ ഹെലികോപ്റ്ററുകൾക്ക് സൗകര്യപ്രദമായി ലാൻഡ് ചെയ്യുന്നതിനുള്ള ഹെലി പാഡ് സൗകര്യവും ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. ചിപ്സൺ ഏവിയേഷനുമായി സഹകരിച്ചാണ് പദ്ധതി യാഥാർത്ഥമാക്കിയത്. കാരിത്താസ് ഹോസ്പിറ്റലിന്റെ ആതുരസേവന പ്രവർത്തനങ്ങളെ ഇത്തരം സജ്ജീകരണങ്ങൾ കൂടുതൽ ഊർജിതമാക്കുമെന്ന് എയർ ആംബുലൻസിന്റെ ഉദ്ഘാടനം നിർവഹിച്ച് കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ
ഫാ ഡോ ബിനു കുന്നത്ത് പ്രതീക്ഷ പ്രകടിപ്പിച്ചു. കോട്ടയം അതിരൂപത ചാൻസിലർ ഫാ. ജോൺ ചേന്നാംകുഴി എയർ ആംബുലൻസ് ഫ്ലാഗ് ഓഫ് ചെയ്തു. കാരിത്താസ് ആശുപത്രി ജോയിൻ ഡയറക്ടർ ഫാ ജിനു കാവിൽ, ഫാ ജോയിസ് നന്ദികുന്നേൽ, ഫാ സ്റ്റീഫൻ തേവർപറമ്പിൽ, ഫാ ജിസ്മോൻ മഠത്തിൽ , എന്നിവർ സന്നിഹിതരായിരുന്നു.



# ‘ബ്ലേഡുകൊണ്ട് മരവും, മഴു കൊണ്ട് മുടിയും മുറിക്കാൻ ആകുമോ’?



ജിമോൻ മേക്കാട്ട്

**സാ**ധ്യത ഇല്ലാത്ത കാര്യമെന്നു നമുക്കറിയാം. എന്നാൽ രണ്ടും അതതിന്റെ നിലകളിൽ വളരെ പ്രാധാന്യമുള്ളതുമാണ്.
മനുഷ്യർ എല്ലാവരും പ്രാധാന്യമുള്ളവരാണ്. നമ്മുടെ കടമ നിർവഹിക്കാൻ നമ്മൾ തന്നെ വേണം. അതു കൊണ്ട് തന്നെ ആരേയും വില കുറച്ച് കാണരുത്.
പലപ്പോഴും നാം സ്നേഹിക്കുന്നവരുടെയും, നമ്മോടു സഹകരിക്കുന്നവരുടെയും കുറവുകൾ മനപ്പൂർവം തന്നെ കണ്ടില്ലന്നു നടിക്കുക.
അതു കൊണ്ട് നമ്മുടെ ജീവിതത്തി സന്തോഷമേ ഉണ്ടാകൂ. ഒരു നഷ്ടവും ഉണ്ടാകില്ല എന്നു മാത്രമല്ല ,കുറവുകൾ സഹിച്ച് സ്നേഹിക്കുന്നവരാണ് യഥാർത്ഥ സ്നേഹിതർ.
നമ്മുടെ നാവിന് പല്ലിനാൽ എത്രയോ കടിയേൽക്കുന്നു.ആ വേദന നാം സഹിക്കുന്നു. കാരണം അത് നമ്മടെ ശരീരത്തിന്റെ അവയവങ്ങളാണ്. കണ്ണുകൾ പരസ്പരം കാണുന്നില്ല, എങ്കിലും ഒരുമിച്ചു ചിമ്മുന്നു ഒരുമിച്ചു കണ്ണീർ പൊഴിക്കുന്നു. ഒരുമയിൽ മാത്രമാണ് സഹനവും സ്നേഹവും ഉണ്ടാക്കുന്നത് . നമ്മുടെ കൂട്ടു സഹോദരർ ആരും അപ്രധാന്യരല്ല എന്ന തിരിച്ചറിവ് ഒരാത്മിയന് എപ്പോഴും ഉണ്ടാകണം .ഒരു പക്ഷേ കഴിവിൽ ധനത്തിൽ, വിദ്യാഭ്യാസത്തിൽ ഒക്കെ നമ്മെക്കാൾ ഏറ്റക്കുറച്ചിൽവരാം, സ്നേഹത്തിന് ഇത് തടസ്സമെങ്കിൽ നമ്മിൽ വസിക്കുന്ന ആത്മാവ് ഏതെന്ന് നാം ശോധന ചെയ്യേണ്ടിയിരിക്കുന്നു .
ആത്മാവിന്റെ ഫലത്തിൽ ഒന്നായ സ്നേഹം ഒരുവനിൽ കപടമായി പുറപ്പെടാം. കണ്ടാൽ നമുക്ക് ഒർജിനൽ എന്നു തോന്നാം. ‘നിങ്ങളിൽ നിർവ്യാജ സ്നേഹം ഉണ്ടാകണം‘ എന്ന് വചനം പറയുന്നത് അതുകൊണ്ടാണ്.
ഈ കാലഘട്ടങ്ങളിൽ വരങ്ങൾ ധാരാളമായി വ്യാജവൽക്കരിക്കപ്പെട്ട് ജനത്തെ തെറ്റിക്കുന്നത് നാം കണ്ടു കൊണ്ടിരിക്കുന്നു. എന്നാൽ ആത്മാവിന്റെ ഫലവും ആത്മീയരുടെ ഇടയിൽ ഈ കാലഘട്ടത്തിൽ വ്യാജമായി പുറപ്പെടുവിക്കുന്നു എന്നത് ആനുകാലിക മാധ്യമങ്ങളിലൂടെ അറിയുന്നതാണ്.
നല്ല മുന്തിരിയോടു എത്ര ചേർത്ത് ഒട്ടിച്ചാലും കാട്ടു മുന്തിരിയുടെ അനുഭവം മാത്രം പുറപ്പെടുവിക്കുന്നതും കപട ആത്മാവിന്റെ ഫലം മാത്രം നിലനിർത്തുന്നവരുമായ വിശുദ്ധിയുടെ പരിവേഷം മാത്രമുള്ള ആത്മീയർ.

കൈയ്യടിയും ,ഉച്ചത്തിലുള്ള ബഹളവും കൊണ്ട് തങ്ങൾ പരിശുദ്ധാത്മാവ് ഉള്ളവരെന്ന് പുറമെ കാണിക്കുന്നവരുടെ സ്നേഹം എങ്ങനെ നിർവ്യാജമാകും?.
സഹോദരനെ സ്നേഹിക്കാത്തവൻ കള്ളനെന്നിരിക്കെ, നമ്മുടെ ആത്മഫലം ഏതെന്ന് സ്വയം വിലയിരുത്തുക.
മൂർച്ചയുള്ള ബ്ലേഡ് കൊണ്ട് മരം മുറിക്കാനാവില്ല.!
മൂർച്ചയുള്ള മഴു ഉപയോഗിച്ച് മുടിയും മുറിക്കാനാവില്ല .
സഭയിലും സമൂഹത്തിലും,അവരവരുടെ റോളുകൾ ഭംഗിയാക്കാൻ അവരവർ വേണം. അതുകൊണ്ടുതന്നെ നമ്മളെപ്പോലെ കൂട്ടുസാഹോദരങ്ങളും പ്രാധാന്യമുള്ളവരാണ്.
സ്നേഹത്തിൽ കൈകോർത്ത് ആത്മഫലവും, വരങ്ങളും പുറപ്പെടുവിക്കുന്നരായി നിലനിൽക്കാം.

# ‘മാരിയില്ലാ മഴക്കാലം’ ക്യാമ്പയിൻ ആരംഭിച്ചു



തിരുവനന്തപുരം: മഴക്കാലമായതിനാൽ പകർച്ചപ്പനികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി, ഇൻഫ്ളുവൻസ, എലിപ്പനി, സിക എന്നിവക്കെതിരേ ജാഗ്രത വേണം. നീണ്ടുനിൽക്കുന്ന പനി പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ ആരംഭത്തിലേ ചികിത്സ തേടണം. സ്വയം ചികിത്സ പാടില്ലെന്നും മന്ത്രി നിർദേശം നൽകി.

എല്ലാ പ്രധാന ആശുപത്രികളിലും പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പ്രോട്ടോകോൾ ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അവശ്യമരുന്നുകൾ കെഎംഎസ്സിഎൽ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളും മരുന്ന് ലഭ്യതയും സുരക്ഷാ സാമഗ്രികളുടെ ലഭ്യതയും ഉറപ്പ് വരുത്തണമെന്നും മന്ത്രി നിർദേശിച്ചു.

ആരോഗ്യ വകുപ്പ് ആരോഗ്യ ജാഗ്രതാ ക്യാമ്പയിന്റെ ഭാഗമായി ’മാരിയില്ലാ മഴക്കാലം’ എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജിതമായി നടത്തിയിരുന്നു. ശുചീകരണത്തിൽ നിരന്തരമായ തുടർ പ്രവർത്തനങ്ങൾ ആവശ്യമാണ്. വീടും പരിസരവും സ്ഥാപനങ്ങളും വൃത്തിയായി സൂക്ഷിക്കണം. ഇതിലൂടെ ഡെങ്കിപ്പനി, സിക പോലുള്ള കൊതുകുജന്യ രോഗങ്ങൾ പ്രതിരോധിക്കാം. കൊതുകിന്റെ ഉറവിട നശീകരണം അതുകൊണ്ടുതന്നെ ഉറപ്പാക്കേണ്ടതാണ്. വീടും പരിസരവും ആഴ്ചയിലൊരിക്കൽ വൃത്തിയാക്കണം

# മലപ്പുറത്ത് നേരിയ ഭൂചലനം

മലപ്പുറം: മലപ്പുറം നഗരസഭാ പരിധിയിലെ വിവിധ ഭാഗങ്ങളിൽ തിങ്കളാഴ്ച രാത്രി നേരിയ ഭൂചലനം അനുഭവപ്പെട്ടതായി റിപ്പോർട്ട്. രാത്രി 8.10 ഓടെയാണ് കോട്ടപ്പടി, കുന്നുമ്മൽ, കൈനോട്, കാവുങ്ങൽ, വലിയങ്ങാടി, വാറങ്കോട്, താമരക്കുഴി, ഇത്തിൾപറമ്പ്, മേൽമുറി തുടങ്ങിയ ഭാഗങ്ങളിൽ നേരിയ ഭൂചലനം അനുഭവപ്പെട്ടതായാണ് നാട്ടുകാർ പറയുന്നത്.

ഭൂചലനം അനുഭവപ്പെട്ടവർ അയൽവാസികളോടും മറ്റ്മ സമീപപ്രദേശങ്ങളിലുള്ളവരോടും വിവരം പറഞ്ഞപ്പോഴാണ് വിവിധ ഭാഗങ്ങളിൽ സമാന അനുഭവം ഉണ്ടായതായി അറിയുന്നത്.

CNL7 MEDIA
Vol 2. Issue. 132
# CHRISTIANLIVE DAILY
13 Tuesday
Pages 5
500

